HRMP No.1332/15


കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

Email. – hrckeralatvm@gmail.com

ഫോൺ: 2307263. ഫാക്സ്: 2307490


## മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടു; പൊതുമേഖലാ സ്ഥാപനത്തിന്റെ എം ഡിക്ക് നാലുവർഷങ്ങൾക്കു ശേഷം ശമ്പളകുടിശിക

തിരുവനന്തപുരം : മൂന്നു വർഷം സർക്കാർ പൊതുമേഖലാ സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായി പ്രവർത്തിച്ചയാൾക്ക് സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടൽ വഴി വിരമിച്ച് നാലുവർഷങ്ങൾക്കു ശേഷം ശമ്പള കുടിശികയും പെൻഷനും ലഭിച്ചു.

ഹാൻഡിക്രാഫ്റ്റ്സ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായിരുന്ന കെ.രാധാകൃഷ്ണപിള്ളയ്ക്കാണ് കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ നിർദ്ദേശാനുസരണം ശമ്പള കുടിശികയും ആനുകൂല്യങ്ങളും നൽകാൻ വ്യവസായ വകുപ്പ് ഉത്തരവായത്. ഗ്രാറ്റുവിറ്റി, ശമ്പളകുടിശിക, ക്ഷാമബത്ത കുടിശിക, ജി.പി. എഫ്, സറണ്ടർ എന്നീ ആനുകൂല്യങ്ങളാണ് സ്ഥാപനം രാധാകൃഷ്ണപിള്ളയ്ക്ക് നൽകാനുണ്ടായിരുന്നത്.

കുമളിയിൽ കോർപ്പറേഷന് വേണ്ടി വാടകയ്ക്കെടുത്ത സ്ഥലം ഉപയോഗിക്കാത്തതിനെ ചൊല്ലിയുള്ള തർക്കം കാരണമാണ് എം ഡിക്ക് ആനുകൂല്യങ്ങൾ നൽകാതിരുന്നത്. എന്നാൽ രാധാകൃഷ്ണപിള്ള എം ഡിയായിരുന്ന കാലത്തല്ല കുമളിയിൽ സ്ഥലം വാടകയ്ക്കെടുത്തത്. ഏതായാലും ഇത് സംബന്ധിച്ച് കട്ടപ്പന കോടതിയിൽ നിലവിലുള്ള കേസ് തീർപ്പാക്കുന്നതുവരെ ആനുകൂല്യങ്ങൾ നൽകാനാവില്ലെന്ന് കോർപ്പറേഷൻ വിശദീകരണത്തിൽ പറഞ്ഞു. കുമളിയിലെ കടമുറി മുൻകൂർ തുക കൈപ്പറ്റിയ ശേഷം കോർപ്പറേഷന് വാടകയ്ക്ക് നൽകാതിരുന്ന കെട്ടിടം ഉടമയ്ക്കെതിരെ കട്ടപ്പന കോടതിയിൽ കേസ് ഫയൽ ചെയ്തത് രാധാകൃഷ്ണപിള്ളയാണ്.

കേസിന്റെ പേരിൽ ഉദ്യോഗസ്ഥന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകാതിരിക്കുന്നത് മനുഷ്യാവകാശ ലംഘനമാണെന്ന് ജസ്റ്റിസ് ജെ.ബി. കോശി ചൂണ്ടികാണിച്ചു. ഇതിനെ തുടർന്നാണ് രാധാകൃഷ്ണപിള്ളക്ക് നൽകേണ്ട ആനുകൂല്യങ്ങൾ അടിയന്തിരമായി നൽകാൻ സർക്കാർ ഹാൻഡിക്രാഫ്റ്റ്സ് കോർപ്പറേഷന് നിർദ്ദേശം നൽകിയത്. എത്രയും വേഗം ആനുകൂല്യങ്ങൾ നൽകണമെന്ന് കമ്മീഷൻ കോർപ്പറേഷൻ എം ഡിക്ക് നിർദ്ദേശം നൽകി.

പി.എം. ബിനുകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
9447694053.

13/09/2015